# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കോളയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1886/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോളയാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1886/2023

തീയ്യതി: 21/12/2023

## കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2023 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### .(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 13-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 04-12-2023 | 13-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.വിപിന വത്സരാജ് -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുമതി.ടി.ഒ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഗോകുൽ.ഡി.കെ -ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റിജി.എം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീത ചെറുവളത്ത് | സെക്രട്ടറി | 01-04-2022 | 31-03-2023 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ |
|---|---|---|
| ശ്രീ.സുനിൽ.കെ.ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2022 |
| ഡോ.വിനീത് .കെ | വെറ്റിനറി സർജൻ | 01-04-2022 |

| | | |
|---|---|---|
| ഡോ.ഷഫാഫ് അബ്ദുൾ കരീം | മെഡിക്കൽ ഓഫീസർ -പി എച്ച് സി | 01-04-2022 |
| ഡോ.രേഷ്മ.പി.ടി | മെഡിക്കൽ ഓഫീസർ -ജി എ ഡി | 01-04-2022 |
| ശ്രീ.മോഹനൻ.ടി | ഹെഡ്മാസ്റ്റർ | 01-04-2022 |
| ശ്രീ.രാജേഷ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 |
| ശ്രീ.ടി.ആർ.രാജേഷ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 |
| ശ്രീമതി.ദീപ ജോസ് | ക്ഷീര വികസന ഓഫീസർ | 01-04-2022 |
| ശ്രീമതി.പ്രിയ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 |
| ശ്രീ.വിഷ്ണു.ബി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-07-2022 |
| ശ്രീമതി.പ്രിയ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 30-09-2022 |
| ശ്രീമതി.രാജശ്രീ വാഴയിൽ | വി ഇ ഒ - കോളയാട് | 01-04-2022 |
| ശ്രീ.ജോണി.ആർ | വി ഇ ഒ - വേക്കളം | 01-04-2022 |
| ശ്രീമതി.രാജശ്രീ വാഴയിൽ | വി ഇ ഒ - വേക്കളം(അധികചുമതല) | 16-07-2022 |
| ശ്രീ.വിപിൻദാസ്.വി | വി ഇ ഒ - വേക്കളം | 03-11-2022 |
| ശ്രീമതി ഫാത്തിമ സഹറ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 |
| ശ്രീമതി സിന്ധു എം.സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30-12-2022 |
| ശ്രീമതി സോണി പി.ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14-01-2023 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. | 1-1-4 |
| 6 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ്/ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ കണക്കാക്കിയതിൽ വ്യത്യാസം | 1-1-5 |
| 7 | ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-6 |
| 8 | പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും വാഹനത്തിന്റെയും മൂല്യം ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | അഡ്വാൻസ് രജിസ്ററർ എഴുതിയിട്ടില്ല. | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | ഗ്രാമ സഭ | 1-10 |
| 22 | ഇ-ടെണ്ടർ ഫീ ₹3,94,810 ലഭിച്ചിട്ടില്ല | 1-11 |
| 23 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-12 |
| 24 | FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 25 | വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 26 | മത്സ്യ മാർക്കറ്റ് ലേലം - വൻ തുക(₹320000)കുടിശ്ശികയിനത്തിൽ ഈടാക്കാനവശേഷിക്കുന്നു | 1-15 |
| 27 | ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹91497 തടസ്സപ്പെടുത്തുന്നു | 1-16 |
| 28 | എടയാർ ആലപ്പറമ്പ് റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല ₹ 20,000- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 29 | കറവ പശുവിന് സബ് സിഡി കാലിത്തീറ്റ വിതരണ പദ്ധതി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി - 597878 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-18 |
| 30 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 31 | കുടിവെള്ള പദ്ധതി അപാകങ്ങൾ | 1-20 |

| | | |
|---|---|---|
| 32 | പൊതുമരാമത്ത് പണികളുടെ ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കാത്തത് | 1-21 |
| 33 | കോക്ലിയാർ ഇംപ്ലാന്റ് മെയ് ന്റനൻസ് കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ -വിനിയോഗ രേഖകൾ ലഭ്യമല്ല ₹50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 34 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമായില്ല -81,045രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 35 | മഴക്കാല പൂർവ്വ ശുചീകരണം -ചെലവ് രേഖകൾ ലഭ്യമല്ല-₹70000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 36 | പി.എച്ച്.സി പെരുവ- ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയിട്ടില്ല | 1-25 |
| 37 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ- രേഖകൾ ലഭ്യമാക്കിയില്ല.488957രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 38 | അതി ദരിദ്ര നിർമ്മാർജ്ജന പദ്ധതി സ്വയംതൊഴിൽ ധന സഹായം അപാകങ്ങൾ -80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 39 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-അപാകങ്ങൾ-60000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 40 | ആസ്തി പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-29 |
| 41 | കുടിവെള്ള പദ്ധതി വിനിയോഗബാക്കി ₹69647 തിരിച്ചടച്ചില്ല | 1-30 |
| 42 | ലൈഫ് ഭവനനിർമ്മാണം - നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം | 1-31 |
| 43 | തനത് വരുമാനം- പൊതു അവലോകനം | 1-32 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം- | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം –1

# പൊതു അവലോകനം

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2263534-യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating Activities" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6330944 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കോളയാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 12.07.2023 ലെ 234/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോളയാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
21.12.2023

## <u>1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല</u>

1.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(F)പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

3.തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## <u>1-1-3 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.</u>

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

## <u>1-1-4 ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

**1-1-5 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രോസ് സർപ്ലസ്/ഡെഫിസിറ്റ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ കണക്കാക്കിയതിൽ വ്യത്യാസം**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള മിച്ചം വന്ന തുക പഞ്ചായത്ത് ഫണ്ടിൽ (B-1 ) ക്രമീകരിച്ചതിൽ വ്യത്യാസം കാണുന്നു. 31-03-2022 ലെ B-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure 18381993 രൂപയാണ്. ഇതിന്റെ കൂടെ തൻവർഷ Gross Surplus ₹74,93,151 കൂട്ടിയാൽ ലഭിക്കുന്ന തുക 25875144 രൂപയാണ്. എന്നാൽ 31-03-2023ലെ B-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure 25727892 രൂപയാണ്. 1,47,252 രൂപയുടെ വ്യത്യാസം.

**1-1-6 ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല**

വാർഷികധനകാര്യ പത്രികയിലെ ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹121930 വരവുണ്ട്. Tender Form Sale രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-7 പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

**1-1-8 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും വാഹനത്തിന്റെയും മൂല്യം ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ബി.11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ ആസ്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ ഇനത്തിൽ ഡിപ്രിസിയേഷൻ തുകയായി ബി11- എ ഷെഡ്യൂളിൽ ₹ 52124 രേഖപ്പെടുത്തിയിട്ടുണ്ട്.

**1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.**

CFC ഗ്രാന്റ് B4 Schedule പ്രകാരമുള്ള തുക (₹5450684) B17 Schedule പ്രകാരമുള്ള തുകയുമായി (₹5507485) പൊരുത്തപ്പെടുന്നില്ല.

**1-1-10 അഡ്വാൻസ് രജിസ്ററർ എഴുതിയിട്ടില്ല.**

അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിൽ കാണിച്ച തുകകളുടെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല.

**1-1-11 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. സംക്ഷിപ്തം എഴുതിയിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് വരവ് ചെലവുകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാന നമ്പർ/ തീയതി | തീരുമാന നമ്പർ 109/2022 തീയതി 25/03/2022 | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാന നമ്പർ, തീയതി | തീരുമാന നമ്പർ 102/2023 തീയതി 17/03/2023 | |
| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുന്നിരിപ്പ് | 2,01,65,779 | 70,49,335 |
| വരവ് | 27,36,85,400 | 27,32,67,350 |
| ആകെ | 29,38,51,179 | 28,03,16,685 |
| ചെലവ് | 28,31,61,000 | 26,98,53,544 |
| നീക്കിയിരിപ്പ് | 1,06,90,179 | 1,04,63,141 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 20,282,768 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,37,35,445 |
| ആകെ | 54,018,213 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,14,71,911 |
| നീക്കിയിരിപ്പ് | 22,546,302 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1539377 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്& അൺടൈഡ് (ട്രഷറി വരവുകൾ), സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം ഡെപ്പോസിറ്റ്, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽ വരവും ചെലവും ഭാഗികമാണ്. ഒഴിവായിപോയ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി റസീറ്റ് പേയ്മെന്റ് ഷെഡ്യൂൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 20770000 | 20770000 | 18505270 | 2264730 |
| വികസന ഫണ്ട് എസ്.സി.പി | 0 | 632000 | 632000 | 578228 | 53772 |
| വികസന ഫണ്ട് ടി എസ് പി | 0 | 9742000 | 9742000 | 9014805 | 727195 |
| മെയിന്റനൻസ് റോഡ് | 0 | 8206000 | 8206000 | 6896258 | 1309742 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 4932000 | 4932000 | 3166082 | 1765918 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 3767744 + 1461105(ട്രഷറി) | 5281000 | 10509849 | 4899281 | 5610568 (5184679 Bank+ 425889 Treasury) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 57848 | 3521000 + 208157(പലിശ) | 3787005 | 3521000 | 266005 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 663461 | 663461 | 663461 | 0 |
| അംഗൻവാടി പോഷകാഹാരം | 1388456 | 1302832 | 2691288 | 677183 | 2014105 |
| എം ജി എൻ ആർ ഇ ജി എസ് | 7429 | 49652070 | 49659499 | 49648153 | 11346 |
| TSC Fund | 271800 | 0 | 271800 | 15000 | 256800 |
| BRG ഫണ്ട് | 62929 | 0 | 62929 | 0 | 62929 |
| സാക്ഷരത | 2067 | 29 | 2096 | 0 | 2096 |
| ശുചിത്വ മിഷൻ ഫണ്ട് | 1100 | 0 | 1100 | 0 | 1100 |
| ഖരമാലിന്യ നിർമാജ്ജന ഫണ്ട് | 54435 | 0 | 54435 | 0 | 54435 |
| ലൈഫ് മിഷൻ | 660000 | 0 | 660000 | 660000 | 0 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 193768 | 0 | 193768 | 0 | 193768 |
| കേരളോത്സവം | 20189 | 0 | 20189 | 0 | 20189 |
| നിർമ്മൽ പുരസ്കാർ | 1004075 | 34085 | 1038160 | 0 | 1038160 |
| നബാർഡ് | 287667 | 0 | 287667 | 0 | 287667 |
| മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് | 378061 | 0 | 378061 | 0 | 378061 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 587899 | 587899 | 587899 | 0 |
| ഹെൽത്ത് ഗ്രാന്റ് ച(വെൽനസ്സ് സെന്റർ) | 0 | 110000 | 110000 | 110000 | 0 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക് സെന്റർ) | 0 | 206447 + 4240(പലിശ) | 206447 + 4240(പലിശ) | 204999 | 1448 + 4240(പലിശ) |
| ഗ്രാന്റ്സ്, ഫണ്ട്സ്& കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ് (അദർ പർപസ് ) | 3796 | 3804 + 815398(Corpus Fund) | 7600 + 815398 (Corpus Fund) | 0 | 822998 |
| ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ്-അദർ ഗവണ്മെന്റ് ഏജൻസീസ് | 618566 | 621200 | 1239766 | 184880 | 1054886 |
| ഗ്രാന്റ്സ്, ഫണ്ട്സ്& കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപസസ് ക്യാപിറ്റൽ | 15510 | 0 | 15510 | 0 | 15510 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 198 | 146 | 187122139 | 128 | 18 | 52 | 61233696 | 64.64 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അടങ്കൽ | പദ്ധതികളുടെ എണ്ണം | | ചെലവ് | ശതമാനം |
|---|---|---|---|---|---|
| | | അടങ്കൽ വച്ചത് | ചെലവഴിച്ചത് | | |
| കൃഷി ഓഫീസർ | 2589730 | 11 | 11 | 2489739 | 96.13 |
| വെറ്റിനറി സർജൻ | 4663004 | 11 | 11 | 2697178 | 57.84 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 3441987 | 13 | 12 | 3160619 | 91.82 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 800000 | 2 | 2 | 800000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 280000 | 1 | 1 | 280000 | 100 |

| | | | | | |
|---|---|---|---|---|---|
| വി ഇ ഒ (കോളയാട്) | 109399159 | 11 | 9 | 15816798 | 14.45 |
| വി ഇ ഒ (വേക്കളം) | 4597499 | 11 | 10 | 1782290 | 38.76 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6971737 | 12 | 8 | 4981260 | 71.44 |
| ക്ഷീര വികസന ഓഫീസർ | 800000 | 1 | 1 | 750000 | 93.75 |
| സെക്രട്ടറി | 11057459 | 33 | 21 | 5478711 | 49.54 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 33834768 | 79 | 52 | 17023229 | 50.31 |
| ഹെഡ്മാസ്റ്റർ | 4017108 | 10 | 5 | 1936506 | 48.20 |
| അസിസ്റ്റന്റ് സെക്രട്ടറി | 4669688 | 3 | 3 | 4037366 | 86.45 |
| ആകെ | 187122139 | 198 | 146 | 61233696 | 32.72 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,429 | 8,59,836 | 8,67,265 | 8,55,919 | 11,346 |
| ഗുണഭോക്താക്കൾക്കുള്ള കൂലി& മെറ്റീരിയൽ ചെലവ് | 0 | 4,87,92,234 | 4,87,92,234 | 4,87,92,234 | 0 |
| ആകെ | 7,429 | 4,96,52,070 | 4,96,59,499 | 4,96,48,153 | 11,346 |

2022-23 വർഷം ആകെ 1007 പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും, 248 പദ്ധതികൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. തൊഴിലിനായി 4256 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 1754 പേർ മാത്രമേ അപേക്ഷിച്ചിട്ടുള്ളൂ. അപേക്ഷിച്ച എല്ലാവർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2,232,000 | 182 |
| തൊഴിൽരഹിത വേതനം | 3,600 | 5 |
| വിധവാ പെൻഷൻ | 89,64,200 | 725 |
| വാർദ്ധക്യകാല പെൻഷൻ | 19,621,200 | 1650 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2,722,000 | 218 |
| അമ്പത് വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 11,42,400 | 99 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-12-2023 തീയതിയിൽ 12.30 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ
₹1,054 (ആയിരത്തി അമ്പത്തി നാല് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

എല്ലാ മാസവും ഓഫീസ് മീറ്റിംഗ് കൂടി ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. ജീവനക്കാരുടെ ചുമതലകൾ പുന:ക്രമീകരിച്ച് ഉത്തരവാക്കിയിട്ടുണ്ട്. ഇൻകുമ്പൻസി രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. ഓഫീസിലെ മറ്റ് ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.
തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ സജീവമാക്കിയിട്ടില്ല. റേഷൻ കടകളുടെ FTE&OS ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. വസ്തു നികുതി, മത്സ്യ മാർക്കറ്റ് ലേലം - എന്നീ

ഇനങ്ങളിലെ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും, ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ഫർ ആയി പോകുന്ന ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിൽ വ്യക്തതയില്ല. ഏകദേശം 49 ഗുണഭോക്താകൾ ലൈഫ് ഭവനനിർമ്മാണത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇങ്ങനെയൊരു അവസ്ഥ സംജാതമായത്, ആയവ പരിഹരിക്കാനുള്ള നടപടികൾ എന്നിവയൊന്നും യോഗങ്ങളിൽ ചർച്ച ചെയ്തിട്ടില്ല. അനർഹർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നത് ഒഴിവാക്കാനായി ഗ്രാമ പഞ്ചായത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് പഞ്ചായത്ത് വിശദീകരിച്ചിട്ടില്ല. മുൻകൂർ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തുടങ്ങി വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും മേൽ പരാമർശിച്ച കാര്യങ്ങൾ കൂടി കുറ്റമറ്റതാക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ

2022-23 വർഷം 4 ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം പൊതുവേ നിശ്ചിത ക്വാറം തികയുന്നുണ്ട്. (പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 84/22/ത.സ്വ.ഭ.വ തീയതി 19.4.2022 ഖണ്ഡിക 3.2.3.6) ഗ്രാമസഭ യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കെടുത്തിട്ടുള്ള ജനപ്രതിനിധികളും കൂടാതെ ഗ്രാമസഭയോഗത്തിൽ പങ്കെടുത്തിട്ടുള്ള 15 പേരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ഗ്രാമസഭാ യോഗങ്ങളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

## 1-11 ഇ-ടെണ്ടർ ഫീ ₹3,94,810 ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ലഭ്യമാക്കുന്നതിന് 4/6-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2017-18 മുതൽ 2021-22 വർഷങ്ങളിലെ ഇ-ടെണ്ടർ ഫീ ₹3,94,810 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇ-ടെണ്ടർ ഫീ തുക ₹ | ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച തുക ₹ | തിരികെ ലഭിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| 1 | 2015-16 | 20,300 | 20,300 | ഇല്ല |
| | | | | |

| | | | | |
|---|---|---|---|---|
| 2 | 2016-17 | 40,030 | 40,030 | ഇല്ല |
| 3 | 2017-18 | 81,150 | 10,900 | 70,250 |
| 4 | 2018-19 | 90,896 | 0 | 90,896 |
| 5 | 2019-20 | 71,403 | 0 | 71,403 |
| 6 | 2020-21 | 98,981 | 0 | 98,981 |
| 7 | 2021-22 | 63,280 | 0 | 63,280 |
| | ആകെ | 4,66,040 | 71,230 | 3,94,810 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മുഴവൻ തുകയും ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1.ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ഫർ ആയി പോകുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വ്യക്തതയില്ല

| ക്രമ നമ്പർ | ജീവനക്കാരുടെ വിശദാംശം | തൊഴിൽ ചെയ്തിരുന്ന സ്ഥാപനം | ട്രാൻസ്ഫർ തീയതി | ട്രാൻസ്ഫർ ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | രേഷ്മ.പി.വി<br>UPSA | G.U.P.S പാലത്ത് വയൽ | 30.06.2022 | GHSS,മമ്പറം<br>മാങ്ങാട്ടിടം<br>ഗ്രാമ പഞ്ചായത്ത് |
| 2 | നിജിഷ.എ.പി<br>LPSA | G.U.P.S പാലത്ത് വയൽ | 30.06.2022 | GLPS,കണ്ടംകുന്ന്<br>മാങ്ങാട്ടിടം<br>ഗ്രാമ പഞ്ചായത്ത് |
| 3 | അനിൽ.ആർ<br>ക്ലർക്ക് | PHC,പെരുവ | 2.08.2022 | PHC,ചിറ്റാരിപ്പറമ്പ് |
| 4 | റെജിൻ.വി<br>ലാബ് ടെക്നീഷ്യൻ | PHC,പെരുവ | 20.06.2022 | TH,പേരാവൂർ |

കോളയാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ഫർ ആയിട്ടുള്ള മേൽ പറഞ്ഞിരിക്കുന്ന ജീവനക്കാർ പ്രസ്തുത അർദ്ധ വർഷത്തിലെ തൊഴിൽ നികുതി കോളയാട് ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ഇവർ ട്രാൻസ്ഫർ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ സ്ഥിതി

ചെയ്യുന്ന ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതിഅടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/5.12.2023) പ്രസ്തുത ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീത് കോപ്പി അയച്ച് തരുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന ജീവനക്കാർ പ്രസ്തുത അർദ്ധ വർഷത്തിലെ തൊഴിൽ നികുതി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

II)<u>വ്യാപാര സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല</u>

2022-23 സാമ്പത്തിക വർഷത്തിൽ FTE&OS ലൈസൻസ് നേടിയ ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ FTE & OS ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| നമ്പർ | സ്ഥാപനം/കെട്ടിട നമ്പർ | ഉടമയുടെ പേര് | ലൈസൻസ് നമ്പർ (FTE&OS ലൈസൻസ് രജിസ്റ്റർ പ്രകാരം ) | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | കെ എൻ ഹോളോബ്രിക്സ് (9/358,359) | ദിനേശൻ.എൻ | 21/2022-23, 8.04.2022 | 2 |
| 2 | പവർ ഹോളോബ്രിക്സ് ഇൻഡസ്ട്രീസ് (7/201A) | സണ്ണി.വി.യു | 13/2022-23, 8.04.2022 | 6 |
| 3 | നിവ്യ ഇൻഡസ്ട്രീസ് (5/31) | രവീന്ദ്രൻ.കെ.കെ | 37/2022-23, 9.04.2022 | 2 |
| 4 | എയ്ഞ്ചൽ ഹോട്ടൽ (7/99) | സജി.കെ.ജി | 50/2022-23, 13.04.2022 | 2 |
| 5 | കെ വി എം സർവീസ് (14/93A) | എ.ടി.പോക്കർ ഹാജി | 75/2022-23, 11.04.2022 | 6 |
| 6 | സൂപ്പർ മൈലേജ് കോളയാട് , പെട്രോൾ പമ്പ് | ഹരീഷ്.എൻ.സി | 77/2022-23, 13.04.2022 | 7 |

| | | | | |
|---|---|---|---|---|
| | (8/130A) | | | |
| 7 | പാലകീഴിൽ സ്റ്റോർ (4/228B,C) | സെൽവരാജ് | 100/2022-23, 28.04.2022 | 2 |
| 8 | മലബാർ സൂപ്പർ മാർക്കറ്റ് (12/181 I) | മാണിക്കോത്ത് സജിത്ത് | 104/2022-23, 28.04.2022 | 5 |
| 9 | ബ്രിക്സ് ദി കൺസൽട്ടൻറ് (11/438) | അരുൺ തമ്പി | 229/2022-23, 15.07.2022 | 2 |
| 10 | പ്രകാശ് ഫാഷൻ ജ്വല്ലേഴ്സ് (11/152A,B) | എൻ.പി.ഫൽഗുണൻ | 38/2022-23, 9.04.2022 | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/6.12.2023)മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 13 എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

I)വ്യാപാര സ്ഥാപനത്തിൽ നിന്നും FTE&OS ലൈസൻസ് ഫീസ് ഈടാക്കിയതിൽ ₹500 യുടെ കുറവ് ഈടാക്കേണ്ടതാണ്.

31-10-2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സേവന മേഖല/ഉത്പ്പാദന മേഖലയിലെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം ₹500, ₹1000, ₹5000, ₹10000, ₹15000) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ട

പ്രകാരം സേവന മേഖലയിൽ ഉൾപ്പെടുന്ന മിനി എന്റർപ്രൈസുകൾക്ക് (മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ കൂടുതലുള്ളതും 50 ലക്ഷം രൂപയിൽ കവിയാത്തതുമായ സ്ഥാപനങ്ങൾ) ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ₹1000 ആണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന സ്ഥാപനത്തിൽ നിന്നും ചട്ടം അനുശാസിച്ചതിലും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

| സ്ഥാപനം/ കെട്ടിട നമ്പർ | ലൈസൻസ് നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് (₹) | ചട്ട പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് (₹) | ഈടാക്കിയതിൽ കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|
| ഐക്കൺ ഹോംസ്, കോളയാട് (ടൈൽസ്, ഗ്രാനൈറ്റ്സ് ,സാനിറ്ററി ഉൽപ്പന്നങ്ങൾ വില്പന) 12/50B | 89/2022-23, 11-04-2022 | ഷബീർ.കെ.ടി | 15,00,000 | 500 | 1000 | 500 |

മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/5-12-2023) ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനത്തിന്റെ FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക (₹500) സ്ഥാപന ഉടമയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II)<u>റേഷൻ കടകളിൽ നിന്നും FTE&OS ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ടോയെന്നതിൽ വ്യക്തതയില്ല</u>

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ കോളയാട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ 2022-23 സാമ്പത്തിക വർഷത്തിൽ FTE&OS ലൈസൻസ് എടുക്കുകയോ സ്ഥാപന തൊഴിൽ നികുതി അടവാക്കുകയോ ചെയ്തതായി കാണുന്നില്ല (2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് പെർമിഷൻ രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/5-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകളുടെയും വിശദാംശങ്ങൾ (ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കിയതിന്റെ രേഖകൾ ഉൾപ്പെടെ) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പ്രസ്തുത റേഷൻ

കടകൾ FTE&OS ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ലായെങ്കിൽ പ്രസ്തുത ഫീസ്/നികുതി പിഴ സഹിതം (ചട്ടം അനുശാസിക്കും പ്രകാരമുള്ളത്) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

**I) നോൺ റസിഡൻഷ്യൽ/റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു:** സ്ഥാപനത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിന്റെ തൻ വർഷ വസ്തു നികുതി കുടിശ്ശികയിനത്തിൽ ₹13,808 യും, നോൺ റസിഡൻഷ്യൽ കെട്ടിട വിഭാഗത്തിന്റെ തൻ വർഷ വസ്തു നികുതി കുടിശ്ശിക ₹28863, മുൻവർഷങ്ങളിലെ കുടിശ്ശിക₹20754 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

**II) മൊബൈൽ ടവർ ഉടമയിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു:** ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന XI/11 നമ്പർ മൊബൈൽ ടവറിന്റെ ഉടമയിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി, ലൈബ്രറി സെസ്, എന്നീ ഇനങ്ങളിലെ ആകെ കുടിശ്ശിക ₹7199 ഈടാക്കാനവശേഷിക്കുന്ന (സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി പിരിവ് പരിശോധിച്ചതിൻ പ്രകാരം).

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | കമ്പനിയുടെ പേര് | കുടിശ്ശിക (₹) |
|---|---|---|
| XI/11 | അസ്സി.ജനറൽ മാനേജർ<br>ഐഡിയ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്,<br>നെറ്റ് വർക്ക് സർവ്വീസ് കോഴിക്കോട് | 7199<br>6856+343( Library Cess)<br>2022-23<br>രണ്ടാം അർദ്ധ വാർഷിക നികുതി |

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/7-12-2023) വസ്തു നികുതി അടവാക്കാൻ ബാക്കിയുള്ള കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിന് കൂത്തുപറമ്പ് JFCM കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത ഫയലുകളിൽ കുറച്ച് കേസുകൾ തീർപ്പ് കൽപ്പിച്ചിട്ടുള്ളതും തുക ഗ്രാമ പഞ്ചായത്തിൽ വരവ് വെച്ചിട്ടുള്ളതുമാണെന്നും XI/11 നമ്പർ മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നതിന് കൂത്തുപറമ്പ് JFCM കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് തീർപ്പായതാണെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് വരവ് വെക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മത്സ്യ മാർക്കറ്റ് ലേലം - വൻ തുക(₹320000)കുടിശ്ശികയിനത്തിൽ ഈടാക്കാനവശേഷിക്കുന്നു

സ്ഥാപനത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം മത്സ്യ മാർക്കറ്റ് ലേലം കുടിശ്ശിക ഇനത്തിൽ ₹5,55,000 ലഭിക്കാനുണ്ട്. പ്രസ്തുത കുടിശിക ഈടാക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/7-12-2023) പ്രസ്തുത കുടിശ്ശികയിൽ ₹3,05,000, 2018-19 വർഷത്തിൽ പിരിഞ്ഞ് കിട്ടാനുള്ളതാണെന്നും ആയത് പിരിച്ചെടുക്കുന്നതിനായി നിലവിൽ കേസ് നടന്നുകൊണ്ടിരിക്കുകയാണെന്നും ബാക്കി കുടിശ്ശിക തുകയായ ₹250000, 2021-22 വർഷത്തിൽ ലഭിക്കാനുള്ള തുകയാണെന്നും പ്രസ്തുത കുടിശ്ശികയ്ക്ക് 2023-24 വർഷത്തെ 12/06/2023 ലെ 16/217/2023 തീരുമാന പ്രകാരം ഇളവ് (₹15000 ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്നതിനും ബാക്കി തുക പൂർണമായും ഒഴിവാക്കുന്നതിനും തീരുമാനമെടുത്തു) അനുവദിച്ചിട്ടുണ്ടെന്നും ബാക്കി തുക ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മത്സ്യ മാർക്കറ്റ് ലേലം ഇനത്തിലെ കുടിശ്ശിക പൂർണമായും (₹3,20,000) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഐ കെ എം ന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹91497 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 186/23, ഐ.കെ.എം-ന് വിഹിതം നൽകൽ |
| അടങ്കൽ | ₹91497 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹91497 22220552009700804256/17-11-2022 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം-ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹91497 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/11-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹91497 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 എടയാർ ആലപ്പറമ്പ് റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല ₹ 20,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 250/23, എടയാർ ആലപ്പറമ്പ് റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ₹20000 തനത് ഫണ്ട് |
| ചെലവ് | ₹20000<br>5117407201220050/30-03-2023 |

എടയാർ ആലപ്പറമ്പ് റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി കെ.എസ്.ഇ.ബി കോളയാട് ഇലക്ട്രിക്കൽ സെക്ഷന്റെ അക്കൗണ്ടിലേക്ക്(നം.6721650751O) തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(24/11-12-2023) മറുപടി/വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹ 20,000 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## <u>1-18 കറവ പശുവിന് സബ് സിഡി കാലിത്തീറ്റ വിതരണ പദ്ധതി – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി – 597878 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 116/23 (കറവ പശുവിന് സബ് സിഡി കാലിത്തീറ്റ – 2022-23) |
| അടങ്കൽ | ₹599102 (വികസന ഫണ്ട്,പൊതു വിഭാഗം)<br>₹599102 (മറ്റുള്ളവ)<br>₹1198204 |
| ചെലവ് | ₹61584 ബിൽ നമ്പർ/തീയതി:179/28-12-2022<br>₹64150 ബിൽ നമ്പർ/തീയതി:198/17-01-2023<br>₹44905 ബിൽ നമ്പർ/തീയതി:199/17-01-2023<br>₹89810 ബിൽ നമ്പർ/തീയതി:222/30-01-2023<br>₹79546 ബിൽ നമ്പർ/തീയതി:241/17-02-2023<br>₹34641 ബിൽ നമ്പർ/തീയതി:240/17-02-2023<br>₹73131 ബിൽ നമ്പർ/തീയതി:261/15-03-2023<br>₹1283 ബിൽ നമ്പർ/തീയതി:262/15-03-2023<br>₹29509 ബിൽ നമ്പർ/തീയതി:316/28-03-2023<br>₹92376 ബിൽ നമ്പർ/തീയതി:345/29-03-2023<br><u>₹26943</u> ബിൽ നമ്പർ/തീയതി:317/28-03-2023 |
| ആകെ ചെലവ് | ₹597878 (വികസന ഫണ്ട്, പൊതു വിഭാഗം) |

മുകളിലെ ബില്ലുകൾ പ്രകാരം, ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് മുഖാന്തിരം സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. സ ഉ( കൈ) നം 115/2022/ ത സ്വ ഭ വ തീയതി 28.5.2022 ഖ -6-

3(16) പ്രകാരം ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ല. കാലിത്തീറ്റയായി തന്നെ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകേണ്ടതാണെന്നിരിക്കെ ആനുകൂല്യം പണമായി അനുവദിച്ചതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/08-12-2023) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഈ രീതിയിൽ പദ്ധതി നിർവഹണം നടത്തിയെന്നും സ ഉ( കൈ) നം 115/2022/ ത സ്വ ഭ വ തീയതി 28.5.2022 പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി ആനുകൂല്യം പണമായി നൽകിയതിനാൽ ചെലവ് തുകയായ 597878 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 117/23 കന്നുകുട്ടി പരിപാലന പദ്ധതി2022-23 |
| അടങ്കൽ | ₹400000 വികസന ഫണ്ട് -പൊതുവിഭാഗം<br>₹400000 മറ്റുള്ളവ<br>-----------<br>₹800000 |
| ചെലവ് | ₹400000 വികസന ഫണ്ട് -പൊതുവിഭാഗം<br>ബിൽ നമ്പർ/തീയതി: 154/13-12-2022 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നിർവഹണത്തിനായി ₹400000 കണ്ണൂർ ജില്ലാ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് (A/C No.799011400000958) നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. പ്രസ്തുത പദ്ധതി, നിർവഹണം ആരംഭിച്ചിട്ടുണ്ടോയെന്നും ഗുണഭോക്താക്കളിൽ 32 പേരും പദ്ധതിയിൽ തുടരുന്നുണ്ടോയെന്നും നൽകിയ തുകയുടെ വിനിയോഗ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/08-12-2023) പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതി അപാകങ്ങൾ

1) ഗുണഭോക്തൃ സമിതി രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/ ത.സ്വ.ഭ.വ) ഖണ്ഡിക നമ്പർ 8-1 (ബി ) (25) കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും

സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. താഴെ പറയുന്ന കുടിവെള്ള പ്രോജക്ടുകളുടെ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചതിന്റെ വിവരം, നിർവ്വഹണ ഉദ്യോഗസ്ഥനുമായി വച്ച കരാർ, വരവ് ചെലവ് കണക്കുകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/8.12.2023) ഇവ ഹാജരാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ഈ കുടിവെള്ള പദ്ധതികളിൽ ആലച്ചേരി കോളനി കുടിവെള്ള പദ്ധതിയുടെ സിവിൽ വർക്ക് മാത്രമേ പൂർത്തിയായിട്ടുള്ളൂ, ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാകാത്തതിനാൽ പ്രവർത്തനക്ഷമമായിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃ സമിതി രൂപീകരിച്ചതിന്റെ വിവരം നിർവ്വഹണ ഉദ്യോഗസ്ഥനുമായി വച്ച കരാർ, വരവ് ചെലവ് കണക്കുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് &നമ്പർ | തുക (₹) |
|---|---|
| ആലച്ചേരി കുടിവെള്ള പദ്ധതി -40/23 | 8,44,784 |
| ആന്തൂർ കുടിവെള്ള പദ്ധതി സപ്ലൈപൈപ്പ് ലൈൻ സ്ഥാപിക്കൽ -81/23 | 2,30,547 |
| ആന്തൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ -72/23 | 2,03,334 |
| വള്ള്യോടി കോളനി കുടിവെള്ള പദ്ധതി -44/23 | 1,99,554 |

<u>2)ജൽജീവൻ മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല</u>

19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/ത.സ്വ.ഭ.വ-യിലെ ഖണ്ഡിക നമ്പർ 8-1 (ബി ) (23) പ്രകാരം ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും ഗ്രാമപഞ്ചായത്തുകളുടെ 15% വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം, സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ് എന്നും ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ് എന്നും പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും ആ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇതിനായി വിനിയോഗിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തു തൻ വർഷം മേൽ പരാമർശിച്ചതു പോലെ വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമല്ല. ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 28.7.2020ലെ 11/126 നമ്പർ തീരുമാന പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാറുകൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സാമൂഹ്യ കുടിവെള്ള വിതരണ പദ്ധതിയായ ജലജീവൻ മിഷൻ പദ്ധതി കോളയാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. പദ്ധതി തുകയുടെ 15 ശതമാനം

ഗ്രാമപഞ്ചായത്ത് വഹിക്കുന്നതിനും ജലനിധി മാതൃകയിൽ കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം നിലവിലുള്ള ജലനിധിയുടെയും പഞ്ചായത്തിന്റെയും സ്കീമുകളിൽ നിന്ന് ജലജീവൻ പദ്ധതിയിലൂടെ പുതിയ കണക്ഷൻ നല്കുന്നതിനും 2021-22 വർഷം മുതൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള സ്കീമുകൾ ഇല്ലാത്ത ഭാഗങ്ങളിൽ പുതിയ സ്കീമുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തീരുമാനം പ്രാവർത്തികമാക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് പണികളുടെ ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കാത്തത്

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.7 പ്രകാരം പൊതുമരാമത്ത് പണികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതത് പണിസ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഇതിനാവശ്യമായ ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17 (3)-ലെ നിർദേശ പ്രകാരവും പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്ത് പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. ഡിസ് പ്ലേ ബോർഡുകൾക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ, സ്ഥാപിക്കുകയോ ചെയ്യാത്തതിന് കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/12.12.2023) അടുത്ത സാമ്പത്തിക വർഷം മുതൽ റോഡിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള റോഡ് പ്രവൃത്തികളിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുവാൻ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 കോക്ലിയാർ ഇംപ്ലാന്റ് മെയ് ന്റനൻസ് കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ -വിനിയോഗ രേഖകൾ ലഭ്യമല്ല ₹50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ / പേര് | 154/23 കോക്ലിയാർ ഇംപ്ലാന്റ് മെയ് ന്റനൻസ് കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ |
| | |

| | |
|---|---|
| അടങ്കൽ | ₹50000 (വികസനഫണ്ട് – പൊതുവിഭാഗം ) |
| ചെലവ് | ₹50000<br>ബിൽനമ്പർ/തീയ്യതി: 13/01-11-2022 |

കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടിക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.2 (ബി)(2) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറുന്നതാണ് പദ്ധതി. ഇതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക്(70101140000134) ₹50,000 കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം, തുക കൈപ്പറ്റിയതിന്റെ രേഖ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/08-12-2023) തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് പല തവണ കേരള സാമൂഹ്യ സുരക്ഷാ മിഷനോട് ഫോൺ മുഖാന്തിരവും കത്ത് മുഖാന്തിരവും ആവശ്യപ്പെട്ടെങ്കിലും നാളിതു വരെ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. വിനിയോഗ രേഖകളുടെ അഭാവത്തിൽ ₹50,000 തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ ഗുണഭോക്താവായ കുട്ടിക്ക് സമയബന്ധിതമായി കേൾവി ഉപകരണത്തിന്റെ പരിപാലനം ലഭിച്ചു എന്നുള്ള മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമായില്ല -81,045രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ട് നമ്പർ / പേര് | 17/23 കോളയാട് എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹ 200000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹200000 |
| ബിൽ നമ്പർ / തീയതി | 2222055200930 1441752/23.03.23 |

കോളയാട് എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി ₹200000 ഹോംകോയുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ₹118955 യുടെ മരുന്നുകൾ TAX INVOICE നമ്പർ എൽ.എഫ് 1059/21-08-23 പ്രകാരം ലഭ്യമായിട്ടുണ്ട്. ₹81,045 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ ₹81,045 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ 14/08-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് എത്രയും പെട്ടെന്ന് മരുന്ന് ലഭ്യമാക്കാൻ ഹോംകോയോടാവശ്യപ്പെട്ടിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ/ഇൻവോയ്സ് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-24 മഴക്കാല പൂർവ്വ ശുചീകരണം -ചെലവ് രേഖകൾ ലഭ്യമല്ല-₹70000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

കോളയാട് ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിനായി തനത് ഫണ്ടിൽ നിന്നും മുൻകൂറായി ₹70000 വൗച്ചർ നമ്പർ 22200019/18-4-22 പ്രകാരം കോളയാട് പി എച്ച് സി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/12-12-2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹70000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-25 പി.എച്ച്.സി പെരുവ- ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയിട്ടില്ല**

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1)-ൽ ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവ് ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. കോളയാട് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് അയച്ചുതന്നിട്ടില്ല. നാളിതുവരെ വാർഷിക കണക്കുകൾ ലഭ്യമാക്കാത്തതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/8.12.2023) വാർഷിക കണക്കുകൾ എത്രയും വേഗം ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-26 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-രേഖകൾ ലഭ്യമാക്കിയില്ല.488957രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വേക്കളം |
| പ്രൊജക്ട് നമ്പർ / പേര് | 121/23 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹600000 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| | |

| | |
|---|---|
| ചെലവ് | ₹488957<br>ബിൽ നമ്പർ : 177/24-12-2022 ₹ 359511<br>:257/14-03-2023 ₹129446 |

പുനചംക്രമണയോഗ്യമല്ലാത്ത 41437കി.ഗ്രാം അജൈവമാലിന്യങ്ങൾ നീക്കം ചെയ്ത വകയിൽ ₹488957 മുകളിൽ കൊടുത്ത പ്രകാരം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഹരിതകർമ്മസേന വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ, ഹരിതകർമ്മസേന വരവ് ചെലവ് കണക്കുകൾ, ക്ലീൻ കേരള കമ്പനിയുടെ കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 29/12-12-23). ആയതിനാൽ 488957 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 അതി ദരിദ്ര നിർമ്മാർജ്ജന പദ്ധതി സ്വയംതൊഴിൽ ധന സഹായം അപാകങ്ങൾ -80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വേക്കളം |
| പ്രൊജക്റ്റ് നമ്പർ / പേര് | 223/23 അതിദരിദ്രനിർമ്മാർജ്ജനപദ്ധതി സ്വയംതൊഴിൽ ധന സഹായം |
| അടങ്കൽ | ₹80000 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹80000<br>ബിൽ നമ്പർ : 292/24-03-2023 |

അതിദരിദ്ര നിർമ്മാർജ്ജന പദ്ധതി സ്വയംതൊഴിൽ ധന സഹായം എന്ന പ്രോജക്റ്റ് പ്രകാരം ശ്രീ വിജയൻ ഉഴുന്നൻ, ശ്രീ അനീഷ് കെ എന്നിവർക്ക് 40000രൂപ വീതം അവരുടെ അക്കൗണ്ടിലേക്ക് (യഥാക്രമം 67355188990,40434101026306) നൽകിയിട്ടുണ്ട്. ഇവർ എന്ത് തൊഴിലാണ് തുടങ്ങിയതെന്നോ ആ തൊഴിൽ ഇപ്പോഴും തുടരുന്നുണ്ടോ എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ തുക കൈപ്പറ്റിയ രശീതി, പ്രോജക്റ്റിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/12-12-23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-അപാകങ്ങൾ- 60000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വേക്കളം |
| പ്രൊജക്റ്റ് നമ്പർ / പേര് | 198/23 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട – സ്പിൽ ഓവർ |
| അടങ്കൽ | ₹60000 വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹60000<br>ബിൽ നമ്പർ : 2220552009901523365/28-03-23 |

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പ്രോജക്റ്റ് പ്രകാരം ശ്രീ പള്ളിക്കുന്നേൽ ജോസഫ്, ശ്രീ ചന്ദ്രൻ

എം എന്നിവർക്ക് 30000രൂപ വീതം അവരുടെ അക്കൗണ്ടുകളിലേക്ക് (യഥാക്രമം 40434100009778, 68530100000094) നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/12-12-23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 60000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ആസ്തി പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്ത് ഡയറക്ടറുടെ 08-11-18 ലെ സി2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി പ്രസിഡണ്ട് അധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ സ.ഉ(കൈ)നമ്പർ 84/2022 ത.സ്വ.ഭ.വ തീയതി 19-04-22 (ഖണ്ഡിക 6.8) പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് തയ്യാറാക്കുന്ന ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആസ്തികളുടെ വാർഷികസ്ഥിതി വിവരം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ആസ്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ, ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമി വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആസ്തി പരിപാലന കമ്മിറ്റിയുടെ നേതൃത്വത്തിൽ, രജിസ്റ്ററുകളും രേഖകളും കുറ്റമറ്റതാക്കി ആസ്തി സംരംക്ഷണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-30 കുടിവെള്ള പദ്ധതി വിനിയോഗബാക്കി ₹69647 തിരിച്ചടച്ചില്ല

2022-23 വർഷത്തെ വാർഷികധനകാര്യ പത്രികയുടെ B-4ഷെഡ്യൂൾ പ്രകാരം അദർ സ്കീം എന്ന ഇനത്തിൽ 320100152 ഹെഡിൽ ₹69647 ബാധ്യതയായി കാണിച്ചിട്ടുണ്ട്. ലഡ്ജർ പരിശോധനയിൽ ഇത് കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭ ജല വകുപ്പിന് നൽകിയ തുകയിൽ വിനിയോഗം കഴിച്ച് ബാക്കി വന്ന തുകയാണെന്ന് കണ്ടു. ആയത് സർക്കാരിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവനനിർമ്മാണം - നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതികളിൽ ഗുണഭോക്താക്കളായി ഭവനനിർമ്മാണത്തിനുള്ള സഹായധന ഗഡുക്കൾ കൈപ്പറ്റി ഇതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം താഴെ പറയും പ്രകാരമാണ്

| പ്രോജക്ടിന്റെ നമ്പരും പേരും | ക്രമനമ്പർ | ഗുണഭോക്താക്കളുടെ പേരുവിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക (₹) | കൈപ്പറ്റാൻ ബാക്കിയുള്ള തുക ₹ | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 67/23 | 1 | ബിന്ദു. സി.കെ | 27.7.19 | 450000 | 150000 | സൺഷേഡ് |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം – സ്പിൽ ഓവർ | | ചിറ്റേരി | | | | |
| | 2 | തമ്പി എ കെ വിജയ നിവാസ് ചെമ്പൂക്കാവ് | 27.7.19 | 421429 | 178571 | ലിന്റൽ |
| 69/23 ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം – സ്പിൽ ഓവർ | 1 | സുമതി പി സുധി നിവാസ് | 31.3.21 | 100000 | 500000 | തറ |
| " " | 2 | ഗീത പിതാൻ | 31.3.21 | 80000 | 520000 | തറ |
| " " | 3 | ഉപ്പാട്ടി തെനിയാൻ | 31.3.21 | 180000 | 420000 | ലിന്റൽ |
| " " | 4 | സുരേഷ് പി | 31.3.21 | 450000 | 150000 | മേൽക്കൂര |
| " " | 5 | ഷിബിന പി.എം | 31.3.21 | 150000 | 450000 | ഭിത്തി |
| " " | 6 | വിജ്ഞ സി | 31.3.21 | 250000 | 350000 | ലിന്റൽ |
| " " | 7 | ജിഷ്ണ ഇ കെ | 31.3.21 | 380000 | 220000 | മേൽക്കൂര |
| " " | 8 | ബബനിഷ | 31.3.21 | 300000 | 300000 | ലിന്റൽ |
| " " | 9 | കുഞ്ഞാമൻ നരിക്കോടൻ | 31.3.21 | 170000 | 430000 | ഭിത്തി |
| " " | 10 | രമേശൻ പി | 31.3.21 | 440000 | 160000 | മേൽക്കൂര |
| " " | 11 | ചേലേരി കുഞ്ഞാമൻ, പറക്കാട് | 31.3.21 | 180000 | 420000 | ഭിത്തി |
| " " | 12 | ഷൈജ എം,കായലോടൻ | 31.3.21 | 450000 | 150000 | മേൽക്കൂര |
| " " | 13 | എടാൻ ശാന്ത | 31.3.21 | 440000 | 160000 | മേൽക്കൂര |
| " " | 14 | പ്രഷീദ കവുങ്ങിൽ | 31.3.21 | 450000 | 150000 | മേൽക്കൂര |
| " " | 15 | മിനി സി.പി | 31.3.21 | 350000 | 250000 | മേൽക്കൂര |
| " " | 16 | ശാന്ത ടി | 31.3.21 | 435406 | 165594 | മേൽക്കൂര |
| " " | 17 | ശാന്ത എ | 31.3.21 | 409253 | 190747 | മേൽക്കൂര |

| | | | | | | |
|---|---|---|---|---|---|---|
| “ “ | 18 | വിജയലക്ഷ്മി | 31.3.21 | 140000 | 460000 | തറ |
| “ “ | 19 | പ്രിയ പി | 31.3.21 | 200000 | 400000 | ഭിത്തി |
| “ “ | 20 | പ്രജിത ടി | 31.3.21 | 200000 | 400000 | ഭിത്തി |
| “ “ | 21 | വിമല എ | 31.3.21 | 370000 | 230000 | ലിന്റൽ |
| “ “ | 22 | നീതു ടി.സി | 18.8.21 | 450000 | 150000 | മേൽക്കൂര |
| “ “ | 23 | പവിത്രൻ പി.സി | 18.8.21 | 490000 | 110000 | മേൽക്കൂര |
| “ “ | 24 | ബിജിന പി കെ | 18.8.21 | 220000 | 380000 | ലിന്റൽ |
| “ “ | 25 | ലിനി പി.കെ | 18.8.21 | 300000 | 300000 | ലിന്റൽ |
| “ “ | 26 | മാധവി ഇല്ലത്ത് | 18.8.21 | 360000 | 240000 | ലിന്റൽ |
| “ “ | 27 | കമല സജീവൻ | 18.8.21 | 440000 | 160000 | മേൽക്കൂര |
| “ “ | 28 | ശാന്ത ടി | 18.8.21 | 400000 | 200000 | മേൽക്കൂര |
| “ “ | 29 | രേവതി പി | 18.8.21 | 380000 | 220000 | മേൽക്കൂര |
| “ “ | 30 | ബാലൻ എം മൂത്രാടൻ | 18.8.21 | 500000 | 100000 | മേൽക്കൂര |
| “ “ | 31 | ബാബു പി ആർ | 24.8.21 | 310000 | 290000 | ലിന്റൽ |
| “ “ | 32 | ജിഷ W/O ബിനു | 24.8.21 | 60000 | 540000 | ഫൗണ്ടേഷൻ |
| “ “ | 33 | സിജിന എം എം | 07.10.21 | 170000 | 430000 | ലിന്റൽ |
| “ “ | 34 | മനോജ് ടി | 07.10.21 | 380000 | 220000 | ലിന്റൽ |
| “ “ | 35 | കുട്ടി ചിറ്റേരി | 07.10.21 | 240000 | 360000 | ലിന്റൽ |
| “ “ | 36 | ശാന്ത W/Oരാഘു | 07.10.21 | 300000 | 300000 | മേൽക്കൂര |
| “ “ | 37 | ശരണ്യ W/Oസുരേഷ് | 07.10.21 | 150000 | 450000 | തറ |
| “ “ | 38 | വിമല പി | 07.10.21 | 240000 | 360000 | ലിന്റൽ |
| “ “ | 39 | സ്വപ്ന ഇ | 07.10.21 | 190000 | 410000 | ഭിത്തി |
| “ “ | 40 | വിമല സി | 07.10.21 | 400000 | 200000 | മേൽക്കൂര |
| “ “ | 41 | ബാലകൃഷ്ണൻ മൂത്രാടൻ | 07.10.21 | 290000 | 310000 | മേൽക്കൂര |
| “ “ | 42 | ശ്രീജിഷ | 07.10.21 | 140000 | 460000 | ഭിത്തി |
| “ “ | 43 | ബാബുരാജ് ടി | 21.10.21 | 300000 | 300000 | മേൽക്കൂര |
| “ “ | 44 | ശാരദ ഇ | 21.10.21 | 360000 | 240000 | മേൽക്കൂര |
| “ “ | 45 | വിനിജ പി | 21.10.21 | 280000 | 320000 | ലിന്റൽ |
| “ “ | 46 | ചെറിയ കുങ്കൻ | 21.10.21 | 497200 | 102800 | മേൽക്കൂര |
| “ “ | 47 | രേഖ സുധീഷ് | 21.10.21 | 320000 | 280000 | ലിന്റൽ |

മുകളിൽ കൊടുത്ത ഗുണഭോക്താക്കൾ എത്രയും പെട്ടെന്ന് ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. കോളയാട് ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും, പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായും കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. തനത് വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, നികുതിയേതര ഇനങ്ങളായ FTE&OS, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കെട്ടിട വാടക വരവ്, മത്സ്യ മാർക്കറ്റ് ലേലം വരവ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I)**<u>വസ്തുനികുതി</u>** – 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറ വിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 22-03-2023 തീയതിയിലെ സ.ഉ(കൈ) നമ്പർ 77/2023/ത.സ്വ.ഭ.വ യിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത്

നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കോളയാട് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 19.08.2023 തീയതിയിലെ SC3-SC3/3023/23 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്.

**II)തൊഴിൽ നികുതി.**

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ),തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാ ബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

**III. ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ്**

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 138 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ (ഫീൽഡ് പരിശോധന) ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

**IV)FTE&OS ലൈസൻസ്**

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ

സൂക്ഷിച്ചിട്ടില്ല (ഒട്ടു മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല). 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് (മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ) സംരംഭകരിൽ നിന്നും ഈടാക്കുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

V)കെട്ടിട വാടക വരവ്,മത്സ്യ മാർക്കറ്റ് ലേലം വരവ്

മത്സ്യ മാർക്കറ്റ് ലേലം വകയിൽ ലഭിക്കുവാനുള്ള കുടിശ്ശിക തുക (₹320000) ഈടാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

**തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.**

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ

അവ കണ്ടെത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.
8.FTE&OS ലൈസൻസ് ഫീസ് ചട്ട പ്രകാരം ഈടാക്കുന്നുണ്ട് എന്നത് പരിശോധിച്ച ഉറപ്പ് വരുത്താവുന്നതാണ്

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ത.സ്വ.ഭ.വ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 05.12.2023,06.12.2023 | നം.കെ.എസ്.എ/കെ.എൻ.ആർ./ സി.11/1886/2023 തീയതി: 21.12.2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 34000 | 2022-23 | 52/23 കരനെൽ കൃഷി | 34000 | ഇല്ല |
| 2 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 45000 | 2022-23 | 106/23 നെൽ കൃഷി വികസനം (ജനറൽ) | 45000 | ഇല്ല |
| 3 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2797200 | 2022-23 | 69/23 ലൈഫ് ഭവന നിർമ്മാണം -അഡീഷണൽ ലിസ്റ്റ് പട്ടികവർഗ്ഗം | 2797200 | ഇല്ല |
| 4 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 132572 | 2022-23 | 236/23 ലൈഫ് ഭവന നിർമ്മാണം2020 പട്ടികവർഗ്ഗം | 132572 | ഇല്ല |
| 5 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 349800* | 2022-23 | 49/23 വീട് വാസയോഗ്യമാക്കൽ ജനറൽ | 349800 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 250000 | 2022-23 | 118/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | ഇല്ല |
| 7 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 150000 | 2022-23 | 107/23 ക്ഷീരകർഷകർക്ക് പാലിന് ഇൻസൻറ്റീവ് | 150000 | ഇല്ല |
| | ആകെ | 3758572 | | | 3758572 | |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 35990 | 2022-23 | 2/23 സമ്പൂർണ്ണപാലിയേറ്റീവ് പരിചരണ പദ്ധതി | 35990 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 4850000 | 2022-23 | 69/23 ലൈഫ് ഭവന നിർമ്മാണം -അഡീഷണൽ ലിസ്റ്റ് പട്ടികവർഗ്ഗം | 4850000 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 120000 | 2022-23 | 118/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 120000 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 2022-23 | 107/23 ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 100000 | ഇല്ല |
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1252450 | 2022-23 | 193/23 ഗോത്രസാരഥി പദ്ധതി | 1252450 | ഇല്ല |
| | ആകെ | 6358440 | | | 6358440 | |

*49/23 വീട് വാസയോഗ്യമാക്കൽജനറൽ പ്രകാരം ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ ₹349800 മുന്നിരിപ്പുള്ള തുകയിൽ നിന്നും ചെലവഴിച്ചതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് &നം | വൗച്ചർ നം/ തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- 57/23 | 186/3-01-23 | 3,31,828 | 3,31,828 | 0 |
| | എടയാർ ആലപ്പറമ്പ് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-250/23 | 22201051/31-03-23 | 20,000 | 0 | 20,000 |

## <u>4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ</u>

ഇല്ല

## <u>4-5 വായ്പ / വായ്പ തിരിച്ചടവ്</u>

തൻവർഷം വായ്പായിനത്തിൽ വരവില്ല. വായ്പായിനത്തിൽ തിരിച്ചടച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | തുക | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| KURDFC | 85,13,860 | ലഭ്യമല്ല | 53,45,860 | 3036862 | | 23,08,998 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ 72,072 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശിതി നമ്പർ & തിയ്യതി |
|---|---|---|---|---|
| 2014-15 | 3-4 | 842 | ശ്രീ.ഭാർഗവൻ മാസ്റ്റർ | 1220100886dt 3.8.22 |
| 2015-16 | 2-7 | 60,330 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 1220101013dt 24.8.22 |
| 2017-18 | 2-6 | 10,900 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 1220101235dt 14.9.22 |
| | ആകെ | 72,072 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | ഇല്ല | 2013-14 | 5-2-15 | സർക്കാർ എയ്ഡഡ് സ്കൂളിലെ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | അഡ്മിഷൻ നിലവാരം -താരതമ്യം | |
| 2011-12 | ഇല്ല | 2013-14 | 5-2-19 | ശ്രദ്ധേയമായ നൂതനാശയങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 | ഇല്ല | 2011-12 | 2-1 | ഗ്രാമസഭ-അപാകം-പൊതു അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം-

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,37,35,445 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,14,71,911 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1539377 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 91,497 | ശ്രീമതി.പ്രീത ചെറുവളത്ത് (സെക്രട്ടറി ) |
| 1-17 | 20,000 | ശ്രീമതി.പ്രീത ചെറുവളത്ത് (സെക്രട്ടറി ) |

| | | |
|---|---|---|
| 1-18 | 597878 | ഡോ. വിനീത് കെ., വെറ്റിനറി സർജ്ജൻ |
| 1-21 | 50,000 | ശ്രീമതി. ഫാത്തിമ സഹറ (ഐ സി ഡി എസ് സൂപ്പർവൈസർ) |
| 1-23 | 81,045 | ഡോ.രേഷ്മ.പി.ടി(മെഡിക്കൽ ഓഫീസർ-ജി എ.ഡി) |
| 1-24 | 70,000 | ശ്രീമതി.പ്രീത ചെറുവളത്ത് (സെക്രട്ടറി ) |
| 1-26 | 4,88,957 | ശ്രീ.വിപിൻ ദാസ്.വി (വി ഇ ഒ-വേക്കളം ) |
| 1-27 | 80,000 | ശ്രീ.വിപിൻ ദാസ്.വി (വി ഇ ഒ-വേക്കളം ) |
| 1-28 | 60,000 | ശ്രീ.വിപിൻ ദാസ്.വി (വി ഇ ഒ-വേക്കളം ) |
| ആകെ | 1539377 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.പ്രീത ചെറുവളത്ത് (സെക്രട്ടറി ) | സെക്രട്ടറി, കോളയാട് ഗ്രാമ പഞ്ചായത്ത് | പൊന്നല ഹൗസ്, കാഞ്ഞിലേരി (പി ഒ) 670702 |
| ഡോ.രേഷ്മ.പി.ടി (മെഡിക്കൽ ഓഫീസർ-ജി എ.ഡി) | മെഡിക്കൽ ഓഫീസർ-ജി എ.ഡി-കോളയാട് | ചെറുവങ്ങാരി ഹൗസ്, വലിയ പറമ്പ് കൊട്ടുവള്ളി (പി ഒ) 673572 |

| | | |
|---|---|---|
| ശ്രീ.വിപിൻ ദാസ്.വി (വി ഇ ഒ-വേക്കളം ) | വി ഇ ഒ-വേക്കളം, കോളയാട് ഗ്രാമ പഞ്ചായത്ത് | വി .വി. വില്ല , മാങ്ങാട്ടിടം (പി ഒ) കണ്ണൂർ -670643 |
| ശ്രീമതി. ഫാത്തിമ സഹറ(ഐ സി ഡി എസ് സൂപ്പർവൈസർ) | ലഭ്യമല്ല | സ്കൈലൈൻ, മേരി ഗോൾഡ് സ്കൈലൈൻ റിവർഡെ, റൂം നമ്പർ 80 ഡി, 8th Floor,പേട്ട ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം |
| ഡോ.വിനീത് കെ. | വെറ്റിനറി ഡിസ്പെൻസറി, കോളയാട് | കുനഞ്ചേരി ഹൗസ്, കണിയാറപറ്റ പി.ഒ., കൽപ്പറ്റ 673124 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 3 |
| 2005-06 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 1 |
| 2006-07 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 1 |
| 2008-09 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 2 |
| 2009-10 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 1 |
| 2012-13,2013-14 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 1 |
| 2016-17 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 1 |

| | | |
|---|---|---|
| 2018-19 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1400/2022 തീയതി 22.10.2022 | 1 |
| 2019-20 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1092/2021 തീയതി 5.11.2021 | 14 |
| 2020-2021 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1093/2021 തീയതി 23.10.2021 | 12 |
| 2021-22 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/297/2023 തീയതി 28.03.2023 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 234/23 dated 234/23 dated 12-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kolayad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kolayad Grama Panchayat for the year 2022-2023

**Date: 21/12/2023** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Kolayad Grama Panchayat for the Year 2022-2023.

## 1.Major Observations

Nill

## 2.Other Observations

1.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. The following mandatory Financial Statements such as B1 schedule, Ratios,comparitive amounts for the preceding year prescribed in 2011 Kerala Panchayat Raj Accounting rules are not submitted for audit

3. Lapses in making timely and accurate demand entries in respect of tax and non tax revenue
4.Closing stock information is not included in the Balance sheet B14 schedule as per B-14 schedule
5. Amount shown as excess of income over expenditure in B1 schedule do not match with the calculated amount (opening balance +/- surplus as deficit from income and expenditure statement and prior period amount)

6.Tender form sale register not produced for audit.
7. ACR is not maintained for various special purpose grants.
8. Value of panchayat vehicle and land is not included in assets.
9.CFC grant as per B4 Schedule (5450684) does not match with the amount shown in B17 Schedule (5507485).
10. Advance register not maintained.
11. Deposit is register is not maintained properly. Abstract is not written

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

# ധനകാര്യ പത്രികകൾ

1. **RECEIPT & PAYMENT STATEMENT**

| Kolayad Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 20181342.00 |
| Cash | Cash | RP-40(a) | 101426.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 930380.00 |
| 130000000 | Rental income from Panchayat Properties | RP-3 | 43950.00 |
| 140000000 | Fees & User Charges | RP-4 | 581790.00 |
| 150000000 | Sale & Hire Charges | RP-5 | 153282.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9906000.00 |
| 171000000 | Interest Earned | RP-9 | 322866.00 |
| 190000000 | Prior Period Income | RP-11 | 10743.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13473637.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7235656.00 |
| 460000000 | Loans, Advances and Deposits | RP-49 | 0.0 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 13230.00 |
| 340000000 | Deposits Received | RP-33 | 66976.00 |
| 350000000 | Other Liabilities | RP-35 | 996935.00 |
| | **Grand total** | | **54018213** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 43750.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 663013.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 1636724.00 |
| 460000000 | Loans, Advances and Deposits | RP-49 | 781102.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 36730.00 |
| 350000000 | Other Liabilities | RP-35 | 28310592.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22478759.00 |
| Cash | Cash | RP-40(b) | 67543.00 |
| | **Grand Total** | | **54018213** |

## 2. INCOME & EXPENDITURE STATEMENT

| Kolayad Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4309862.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1502212.00 |
| 140000000 | Fee & User Charges | I-4 | 1539959.00 |
| 150000000 | Sale & Hire Charges | I-5 | 153282.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 154358141.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 322866.00 |
| 180000000 | Other Income | I-9 | 18390.00 |
| | **Total Income** | | **162204712** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12453631.00 |
| 220000000 | Administrative Expenses | I-11 | 886350.00 |
| 230000000 | Operations & Maintenance | I-12 | 1382977.00 |
| 240000000 | Interest & Finance Charges | I-13 | 26747.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7290346.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 35966391.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10978441.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 48792234.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 34715400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 855919.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 513927.00 |
| | **Total Expenditure** | | **153862363** |
| | **Gross Surplus / Deficit of income over Expenditure** | | **8342349** |
| | **Gross Surplus / Deficit of income over Expenditure** | | **7493151** |
| 190000000 | Prior period loan | I-19 | (-) 73626 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 922824.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **(-)849198.00** |

**3. <u>BALANCE SHEET</u>**

| **Kolayad Grama Panchayat BALANCE SHEET**<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 27557747.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20411.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 76299662.00 |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13396702.00 |
| | **Loans** | | |
| 330000000 | Secured Loans | B-5 | 2308998.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1551015.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2999531.00 |
| 360000000 | Provisions | B-10 | 0.0 |
| | **TOTAL LIABILITIES** | | **124134066** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 441864.00 |
| 412000000 | Capital Work in Progress | B-11(b) | 6660016.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 527514.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 7693949.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 100382014.00 |
| 416000000 | Accumulated Depreciation | B-11(a) | -25727940.00 |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2250180.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 5345860.00 |
| 450000000 | Cash and Bank Balance | B-17 | 22546302.00 |
| 460000000 | Loans, Advances and Deposits | B-18 | 4014307.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **124134066** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ